# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.937** — **05.02.2020 ലെ മറുപടി**

### കരിപ്പുഴ തോടിന്റെ സംരക്ഷണജോലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു. പ്രതിഭ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തിയൂർ, കരിപ്പുഴ, ഉള്ളിട്ട പുഞ്ചയിലൂടെയുള്ള കരിപ്പുഴ തോടിന്റെ സംരക്ഷണജോലികൾക്ക് തുക അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് അറിയിക്കാമോ; | (എ) കരിപ്പുഴ തോടിന്റെ നവീകരണത്തിനായി ആകെ 14.73 കോടി രൂപ അനുവദിച്ചിരുന്നു. |
| (ബി) പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന സംരക്ഷണ ജോലികൾ എന്തെല്ലാമാണെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്തിരുന്നത് ആരൊക്കെയെന്നും വിശദമാക്കാമോ; | (ബി) കരിപ്പുഴ തോടിന്റെ ആഴം കൂട്ടലും സംരക്ഷണഭിത്തി നിർമ്മാണവുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; ബന്ധപ്പെട്ട വകുപ്പുകൾ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട പരിശോധനയും അവലോകനയോഗവും നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (സി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. സംരക്ഷണഭിത്തി 440 മീറ്റർ ചെയ്യുവാനുണ്ട്. പ്രവൃത്തി ഫോർക്ലോസ് ചെയ്തു. റീച്ച്-2, റീച്ച്-3 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട പരിശോധനയും അവലോകന യോഗവും നടത്തിയിട്ടുണ്ട്. |
| ഡി) കരിപ്പുഴ തോട് മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ സുനാമി ഫണ്ട് വിനിയോഗിച്ച് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതിപ്രകാരം കരാറുകാരന് എത്ര കോടി രൂപ നൽകിയെന്നും പദ്ധതിയുടെ കാലാവധി എന്നുവരെ ആയിരുന്നു എന്നും വിശദമാക്കാമോ? | ഡി) സുനാമി ഫണ്ട് ലഭ്യമായിട്ടില്ല. കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതിപ്രകാരം കരാറുകാരന് 13,00,94,028/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2019 ഡിസംബർ 31 വരെ ആയിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കരിപ്പുഴ തോടിന്റെ സംരക്ഷണജോലികളുടെ വിശദാംശങ്ങൾ**

| പ്രവൃത്തിയുടെ പേര് | ആകെ നീളം | കരാറുകാരന്റെ പേര് |
|---|---|---|
| കരിപ്പുഴ പാർട്ട്-9 റീച്ച്-1<br>സംരക്ഷഭിത്തി ആഴംകൂട്ടാൻ | 2040 മീറ്റർ<br>4000 മീറ്റർ | ശ്രീ.ഷെഫിൻ.കെ ഫ്രാൻസിസ്,<br>പി.കെ കൺസ്ട്രക്ഷൻസ്, എറണാകുളം. |
| കരിപ്പുഴ പാർട്ട്-17 റീച്ച്-2<br>സംരക്ഷഭിത്തി ആഴംകൂട്ടാൻ | 2070 മീറ്റർ<br>4000 മീറ്റർ | ശ്രീ.ഒ.രാധാകൃഷ്ണൻ,<br>വീണ കൺസ്ട്രക്ഷൻ, ആലപ്പുഴ. |
| കരിപ്പുഴ പാർട്ട്-13 റീച്ച്-3<br>സംരക്ഷഭിത്തി ആഴംകൂട്ടാൻ | 1200 മീറ്റർ<br>3000 മീറ്റർ | പി.കെ കൺസ്ട്രക്ഷൻസ്, എറണാകുളം. |

4/2

**സെക്ഷൻ ഓഫീസർ**